I ഇ.ബി. XIII – കേരള നിയമസഭ/II-21

# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

## നിയമസഭാ നടപടികൾ

## സംഗ്രഹം

## (ചോദ്യോത്തരങ്ങൾ ഒഴികെ)

2011 ഒക്ടോബർ 28, വെള്ളി

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(ബഹുമാനപ്പെട്ട വനവും സ്പോർട്ട്സും സിനിമയും വകുപ്പുമന്ത്രി 27-10-2011-ന് പത്തനാപുരത്ത് നടന്ന പൊതുയോഗത്തിൽ സംസാരിക്കവെ പ്രതിപക്ഷ നേതാവിനെക്കുറിച്ച് അപഹാസ്യവും ഹീനവുമായ പരാമർശം നടത്തിയത് സംബന്ധിച്ച് പ്രതിപക്ഷ ഉപനേതാവ് ശ്രീ. കോടിയേരി ബാലകൃഷ്ണൻ സഭയിൽ ഉന്നയിക്കുകയും ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടി അതിൽ ഖേദം പ്രകടിപ്പിക്കുകയും ബഹുമാനപ്പെട്ട മന്ത്രിയോട് പ്രസ്താവന പിൻവലിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ടെന്ന് അറിയിക്കുകയും ചെയ്തെങ്കിലും അതിൽ തൃപ്തരാകാത്ത പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം മുദ്രാവാക്യം വിളിച്ചുകൊണ്ടിരിക്കെ ചോദ്യോത്തരങ്ങൾ ആരംഭിച്ചെങ്കിലും തുടരാൻ കഴിയാത്തതിനാൽ ബഹുമാനപ്പട്ട സ്പീക്കർ ചോദ്യോത്തരവേള യുടെ ബാക്കി ഭാഗവും ശൂന്യവേളയും സസ്പെന്റുചെയ്തുകൊണ്ട് കാര്യ വിവരപ്പട്ടികയിലെ അടുത്ത നടപടിയിലേക്ക് കടന്നു.)

**മേശപ്പുറത്തുവച്ച കടലാസ്സുകൾ**

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസ്സുകൾ മേശപ്പുറത്തുവച്ചു.

**റിപ്പോർട്ട് സമർപ്പണം**

(1) സബ്ജക്ട് കമ്മിറ്റി I-ന്റെ 2010-2011-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശുപാർശകളിൻമേൽ സർക്കാർ സ്വീകരിച്ച നടപടികൾ സംബന്ധിച്ച കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

(2) 2011-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത (ഭേദഗതി) ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

**ധനകാര്യം**

**2011-12 സാമ്പത്തിക വർഷത്തേക്കുള്ള ഉപധനാഭ്യർത്ഥനകളുടേയും 1993-94, 1995-96, 1996-97, 1997-98, 2002-03, 2003-04,2004-05, 2005-06, 2006-07, 2007-08, 2008-09 സാമ്പത്തിക വർഷങ്ങളിലെ അധികധനാഭ്യർത്ഥനകളുടേയും സ്റ്റേറ്റ്മെന്റ്**

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) : 2011-12 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേക്കുള്ള ഉപധനാഭ്യർത്ഥനകളുടേയും 1993-94, 1995-96, 1996-97, 1997-98, 2002-03, 2003-04, 2004-05, 2005-06, 2006-07, 2007-08, 2008-09 സാമ്പത്തിക വർഷങ്ങളിലെ അധികധനാഭ്യർത്ഥനകളുടേയും സ്റ്റേറ്റ്മെന്റ് മേശപ്പുറത്ത് വയ്ക്കുന്നു.

## അനൗദ്യോഗികാംഗങ്ങളുടെ കാര്യം

### (1) അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ നാലാമത് റിപ്പോർട്ട്

അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ നാലാമത് റിപ്പോർട്ട് സഭ അംഗീകരിച്ചു.

### (2) സാമാന്യമായി പൊതുതാല്പര്യമുള്ള സംഗതികൾ സംബന്ധിച്ച പ്രമേയങ്ങൾ

(നോട്ടീസ് നൽകിയിരുന്ന അംഗം സീറ്റലില്ലാതിരുന്നതിനാൽ ഒന്നാമത്തെ അനൗദ്യോഗിക പ്രമേയം അവതരിപ്പിക്കപ്പെട്ടില്ല)

### മരുന്നുകൾ ന്യായവിലയ്ക്ക് ലഭ്യമാക്കൽ

ശ്രീ. രമേശ് ചെന്നിത്തലയ്ക്കുവേണ്ടി ശ്രീ. ബെന്നി ബെഹനാൻ : “മരുന്ന് കമ്പനികളും വിതരണക്കാരും വ്യാപാരികളും ചേർന്ന് മരുന്നുകളുടെ വില അന്യായമായി വർദ്ധിപ്പിച്ച് ജനങ്ങളെ ചൂഷണം ചെയ്യുന്ന സ്ഥിതിവിശേഷം അവസാനിപ്പിക്കുന്നതിനായി മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ശക്തിപ്പെടുത്തി എല്ലാ മരുന്നുകളും ന്യായവിലയ്ക്ക് സർക്കാർ ഏജൻസി മുഖേന ജനങ്ങൾക്ക് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് ഈ സഭ അഭ്യർത്ഥിക്കുന്നു” എന്ന പ്രമേയം അവതരിപ്പി ക്കുന്നു.

ശ്രീ. ജോസഫ് വാഴക്കൻ : പ്രമേയത്തെ പിന്താങ്ങുന്നു.

ആരോഗ്യവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്) : ജീവൻര ക്ഷാമരുന്നുകൾ ന്യായവിലയ്ക്ക് ലഭ്യമാക്കാൻ ശക്തമായ നടപടികൾ സ്വീകരിച്ച് മുന്നോട്ടുപോകുന്നതിനുള്ള പ്രവർത്തനങ്ങൾ ഗവൺമെന്റ് നടത്തിക്കൊണ്ടിരിക്കുകയാണ്. പ്രമേയം അംഗീകരിക്കാവുന്നതാണ്.

പ്രമേയം സഭ അംഗീകരിച്ചു.

(നോട്ടീസ് നൽകിയിരുന്ന അംഗം സീറ്റിലില്ലാതിരുന്നതിനാൽ മൂന്നാമത്തെ അനൗദ്യോഗിക പ്രമേയം അവതരിപ്പിക്കപ്പെട്ടില്ല.)

സഭ രാവിലെ 8.55-ന് പിരിഞ്ഞു.

@@@@@@@@@